<u>പതിനാലാം കേരള നിയമസഭ</u>

<u>ഏഴാം സമ്മേളനം</u>

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *367** 24.08.2017- ൽ മറുപടിക്ക്

## തൊഴിലാളികൾക്ക് അടിസ്ഥാന വേതനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.മുരളീധരൻ<br>,, പി.ടി. തോമസ്<br>,, കെ.എസ്.ശബരീനാഥൻ<br>,, അൻവർ സാദത്ത് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ എല്ലാ തൊഴിലാളികൾക്കും അടിസ്ഥാന വേതനം ഉറപ്പ നൽകുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ, സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി വഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം യഥാസമയം തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം തൊഴിലാളികൾക്ക് കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് ഓൺലൈൻ ആയിതന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുവാനും കഴിയും. 2017-ൽ നാളിതുവരെ 32611 സ്ഥാപന പരിശോധനകൾ നടത്തുകയും 383 ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുകയും 1588 പ്രോസിക്യൂഷൻ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഉപജീവനത്തിനായി തൊഴിൽ എടുക്കുന്ന |

എല്ലാ വിഭാഗം തൊഴിലാളികൾക്കും ജീവനക്കാർക്കും ഒരു കേവലമായ വേതനമെങ്കിലും ഉറപ്പുവരുത്തുന്നതിനായുള്ള കേവല വേതന അവകാശ ബിൽ സർക്കാർ പരിഗണനയിലാണ്.

(ബി) ഇതിനായി കേവലവേതനാവകാശ നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിവരിക്കുമോ;

(സി) പ്രസ്തുത നിയമം എന്നുമുതൽ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

(ബി) യും (സി) യും ഉണ്ട്. 2015-ലെ സംസ്ഥാന സർക്കാരിന്റെ നയപ്രഖ്യാപനത്തിൽ ആദരണീയനായ കേരള ഗവർണ്ണർ എല്ലാ തൊഴിലാളികൾക്കും ഒരു അടിസ്ഥാന വേതനം ഉറപ്പ് നൽകുന്നതിന് ഒരു നിയമം കൊണ്ടുവരുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇത്തരത്തിൽ അടിസ്ഥാന വേതനം ഉറപ്പാക്കുന്ന കേവല വേതന അവകാശ ബിൽ സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ.